സാധാരണക്കാരായ ജനങ്ങൾക്ക് നടന്നുപോകാൻ പറ്റാത്ത സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ഇങ്ങനെയുള്ള പരസ്യ ബോർഡിൽ തട്ടിയും പരസ്യ ബോർഡുകൾ മറിഞ്ഞു വീണും ഒട്ടേറെ അപകടങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകുന്നുണ്ട്. ഈ മാസം 3-ാം തീയതി എറണാകുളം നഗരത്തിന്റെ ഹൃദയ ഭാഗത്തുള്ള കച്ചേരിപ്പടിയിലെ റോഡിലൂടെ നടന്നുപോകുകയായിരുന്ന 2 പെൺകുട്ടികൾക്ക് പരസ്യ ബോർഡ് വീണ് ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. ഇവർ സിറ്റി ഹോസ്പിറ്റലിൽ ചികിത്സയിലാണ്. പ്ലസ് 2 വിദ്യാർത്ഥിയായ കെ. ബി. സാഹിറ എന്ന വിദ്യാർത്ഥിനി പരീക്ഷയ്ക്ക് ഹാൾ ടിക്കറ്റ് വാങ്ങാൻ സെന്റ് ആന്റണീസ് ഹൈസ്കൂളിൽ പോകുമ്പോഴാണ് അപകടം ഉണ്ടായത്. അതുപോലെ സ്മിതാ ബാലകൃഷ്ണൻ എന്ന യുവതി ജോലിക്കുപോകുമ്പോഴാണ് അപകടം ഉണ്ടായത്. ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കരുത്. ഇതുപോലുള്ള സംഭവം നേമത്തും ഉണ്ടായി. അതുകൊണ്ട് മതിയായ സുരക്ഷിതത്വം സ്വീകരിക്കാതെ ബോർഡുകൾ വയ്ക്കുന്നതിന് അനുവാദം കൊടുക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരായും പരസ്യ ബോർഡുകൾ വയ്ക്കുന്നവർക്കെതിരായും ശക്തമായ നടപടി സ്വീകരിക്കുന്നതിനുപുറമേ പരസ്യ ബോർഡ് വീണ് പരിക്കുപറ്റി ആശുപത്രിയിൽ കിടക്കുന്ന ദരിദ്രരായ 2 യുവതികൾക്ക് മതിയായ നഷ്ടപരിഹാരം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, കൊച്ചി നഗരത്തിലെ കച്ചേരിപ്പടിയിൽ എയ്ഡ്സ് കൺട്രോൾ വിഭാഗം സ്ഥാപിച്ചിട്ടുള്ള 7 അടി ഉയരമുള്ള പൈപ്പിൽ സ്ഥാപിച്ച സോളാർ വിളക്ക് ഒടിഞ്ഞു താഴെവീണാണ് ഈ കുട്ടികൾക്ക് അപകടം ഉണ്ടായത്. എയ്ഡ്സ് കൺട്രോൾ വിഭാഗത്തിന്റേതായ പരസ്യങ്ങൾ നഗരത്തിന്റെ പല ഭാഗത്തും ഉയർത്തിയിരുന്നു. അവർ അതൊക്കെ അനുവാദം വാങ്ങാതെയാണ് സ്ഥാപിച്ചിരുന്നത്. അത് നീക്കാൻ പറഞ്ഞു; നീക്കുകയും ചെയ്തു. ഇങ്ങനെ അനുവാദമില്ലാതെ ബോർഡുകൾ സ്ഥാപിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബോർഡ് മറിഞ്ഞു വീണ് അപകടം ഉണ്ടായ 2 പെൺകുട്ടികളുടെ കാര്യമിവിടെ പറഞ്ഞു. 7-3-2005-ന് കൊച്ചിൻ കോർപ്പറേഷൻ കൗൺസിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നു. നഷ്ടപരിഹാരം തീരുമാനിക്കുന്നതിന് ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. ഗവണ്മെന്റ് അവരുമായി ആലോചിച്ച് നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിലുള്ള നടപടി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്. അനധികൃതമായി ബോർഡുകൾ സ്ഥാപിക്കുന്നവർക്കെതിരായും ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) യൂസർ ചാർജ് ഈടാക്കി കുടിവെള്ളം നൽകുന്ന പദ്ധതി അനുസരിച്ച് ഈടാക്കുന്ന വൈദ്യുതി നിരക്ക്

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിലെ പാവപ്പെട്ടവരെ ബാധിക്കുന്ന ഏറ്റവും സുപ്രധാനമായ ഒന്നാണ് ഞാൻ ഈ സഭയുടെ മുമ്പാകെ കൊണ്ടുവരുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് 1998-ൽ യൂസർ ചാർജ് ഈടാക്കി കുടിവെള്ളത്തിന് ഗാർഹിക നിരക്കിൽ നിന്ന് വ്യത്യസ്തമായി വ്യവസായ നിരക്കിൽ വൈദ്യുതി ചാർജ് ഈടാക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുകയുണ്ടായി. കേരളത്തിലെ ഓരോ പഞ്ചായത്തിലും ഒന്നു മുതൽ എട്ട്, പത്ത് പദ്ധതികൾ ഇതിന്റെ അടിസ്ഥാനത്തിൽ നടക്കുന്നുണ്ട്. കുന്നിന്റെ മുകളിലും പാറക്കെട്ടുകളിലും മറ്റും താമസിക്കുന്ന, ഗവണ്മെന്റിന് കുടിവെള്ളം കൊടുക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിക്ക് ആവശ്യമായ വൈദ്യുതിക്ക് ഇപ്പോൾ വ്യവസായ അടിസ്ഥാനത്തിലുള്ള ചാർജാണ് ഈടാക്കി വരുന്നത്. ആയിരക്കണക്കിന് പദ്ധതികൾ ഉണ്ട്. മഴക്കാലം വരുമ്പോൾ പ്രകൃതിയിൽ നിന്ന് വരുന്ന ഉറവകൾ ഉള്ളതുകൊണ്ട് ഈ പദ്ധതികൾ ആളുകൾ ഉപയോഗിക്കില്ല. ഉപയോഗിച്ചാലും, ഇല്ലെങ്കിലും വർഷം മുഴുവൻ പാവങ്ങൾ വൈദ്യുതി ചാർജ് കൊടുക്കണം. ഭീമമായ വൈദ്യുതി ചാർജുമൂലം ഈ പദ്ധതികൾ 4, 5 വർഷമായി മുടങ്ങികിടക്കുകയാണ്. അതിന് തവണപോലും അടയ്ക്കാൻ കഴിയാത്ത സാഹചര്യം ആണ്. പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽനിന്നും അടയ്ക്കാനൊന്നും യാതൊരു മാർഗ്ഗവുമില്ല. നമ്മുടെ നാട്ടിൽ 2 തരത്തിലുള്ള നീതി പാടില്ല. ഒരുപറ്റം ആളുകൾക്ക് സർക്കാർ ചെലവിൽ കുടിവെള്ളം കൊടുക്കുമ്പോൾ ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് ഗാർഹിക നിരക്കിനുമുകളിലുള്ള നിരക്കിൽ കൊടുക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ഇവിടെ പ്രസംഗിച്ചപ്പോൾ 40 യൂണിറ്റുവരെ ഉപയോഗിക്കുന്ന പാവപ്പെട്ടവർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന കാര്യം പരിഗണിക്കുമെന്ന് ചെറുതായിട്ട് സൂചിപ്പിച്ചു. 40 യൂണിറ്റല്ല, മുഴുവനും സൗജന്യമായിട്ടു കൊടുക്കണം. അവശന്മാർ, ആർത്തന്മാർ, ആലംബഹീനന്മാർ അവരുടെ സങ്കടം ആരറിയാൻ! ഇത് ശ്രീ. ആര്യാടൻ മുഹമ്മദ് അറിയണം. അതുകൊണ്ട് ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം ഞാൻ ഇന്നലെ സഭയിൽ പറഞ്ഞിരുന്നു. അത് കൂടുതൽ വ്യക്തമാക്കാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതിനു മുമ്പു തന്നെ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇൻഡസ്ട്രിയൽ താരിഫാണ് നേരത്തെ നിലവിലുണ്ടായിരുന്നത്. ഇൻഡസ്ട്രിയൽ താരിഫ് അനുസരിച്ച് കറന്റ് ചാർജ്ജ് വളരെയധികം കൂടും. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിന്റെയടിസ്ഥാനത്തിൽ ഞാനതു ഗാർഹിക താരിഫാക്കാൻ വേണ്ടി ഒരു ഡയറക്ഷൻ കൊടുത്തു. ഗാർഹിക താരിഫാക്കിയശേഷവും സ്ലാബ് ചെയിഞ്ച് ചെയ്യുന്നതുകൊണ്ട് 301 യൂണിറ്റിന്റെ മീതെ വന്നാൽ 6 രൂപ 30 പൈസയോളം കൺസ്യൂമേഴ്സിനു വരും. ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ബഹുമാനപ്പെട്ട മെമ്പർ ന്യായം പറഞ്ഞത് ഒരു വീട്ടിൽ പമ്പുസെറ്റ് വയ്ക്കുകയാണെങ്കിൽ 40 യൂണിറ്റു വരെ ഒരു രൂപ പതിനഞ്ചു പൈസയാണ്. ഈ പറയുന്നത് പാവപ്പെട്ട ആളുകൾക്കാണ്. ജലനിധി പദ്ധതി, രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ സ്കീം തുടങ്ങിയ സാമൂഹിക കുടിവെള്ള പദ്ധതികൾക്കെല്ലാം 40 യൂണിറ്റിന്റെ പുറമെ അവർക്ക് ഒരു രൂപ പതിനഞ്ചു പൈസ വച്ച് താരിഫെടുക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. അതിൽ ചെയ്യുന്നത് 40 യൂണിറ്റിന്റെ പുറമെ ആകെ വരുന്ന യൂണിറ്റുകൾ 15 കുടുംബങ്ങൾ കൂടിയാണ് വെള്ളമെടുക്കുന്നതെങ്കിൽ ആ 15 കുടുംബത്തിനുമായി ഡിവൈഡ് ചെയ്യുമ്പോൾ ഒരു കുടുംബത്തിന് വരുന്നത് 40 യൂണിറ്റിന് പുറമെ അഡീഷണൽ ആയിട്ടുള്ളതിന് ഒരു രൂപ പതിനഞ്ച് പൈസക്ക് നൽകാൻ വേണ്ടിയുള്ള നടപടി എടുത്തു കഴിഞ്ഞിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly